# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 694** 28.02.2017-ൽ **മറുപടിക്ക്**

## ചെറായി 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണം

| | ചോദ്യം<br>ശ്രീ. എസ്.ശർമ്മ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചെറായി 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ചെറായി 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിന്റെ തടസ്സം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട എഡിഎമ്മിന് പരാതി ഫയൽ ചെയ്യുകയും കാലാകാലങ്ങളിൽ follow-up നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രസ്തുത ലൈനിന്റെ 11.2 കി.മി. ദൂരത്തിൽ $1\frac{1}{2}$ കി.മി. ഭാഗത്തായി ഏകദേശം 22 കേസുകളാണ് നിലവിലുള്ളത്. ഈ കേസുകൾ എല്ലാം ഇപ്പോൾ എഡിഎമ്മിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് നിലവിലുള്ള പരാതികൾ കേൾക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി എറണാകുളം എ.ഡി. എമ്മിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള തുടർ നടപടി സംബന്ധിച്ച് വൈദ്യുതി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പരിഗണനയിലുള്ള നിരവധി പരാതികൾ തീർപ്പാക്കുന്നതിൻറെ ഭാഗമായി 21.10.2016, 17.11.2016 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട എഡിഎം ഒറിജിനൽ റൂട്ട്, ആൾട്ടർനേറ്റ് റൂട്ട് എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി. തുടർന്ന് എഡിഎമ്മിൻറെ നിർദ്ദേശപ്രകാരം കെടാമംഗലം എസ്.എൻ.കോളജ് കാമ്പസിന്റെ പുറത്തുകൂടി ലൈൻ വലിക്കുന്നതിനായുള്ള ഒരു പ്രൊപ്പോസൽ 24.12.2016 - ന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ട്രാൻസ്മിഷൻ സബ്ഡിവിഷൻ കറുമശേരിയുടെ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ 02.02.2017-ൽ |

| | | | |
|---|---|---|---|
| | | | ശ്രീമതി മീന, ശ്രീമതി ഷെമി കരീം, ശ്രീ. മുഹമ്മദ് സാലി മജീദ് എന്നീ പരാതിക്കാരുമായുള്ള ഒരു ഹിയറിംഗ് ബഹുമാനപ്പെട്ട എ.ഡി.എം. കളക്ടറേറ്റിൽ വച്ച് നടത്തുകയുണ്ടായി. അവിടെ വച്ച് എഡിഎമ്മിൽ നിന്നും ലഭിച്ച നിർദ്ദേശപ്രകാരം ശ്രീമതി മീന, ശാന്തിവന ത്തിന്റെ വസ്തുവിൽ കൂടി കടന്നുപോകുന്ന ലൈനിൻറെ ഡീവിയേറ്റഡ് റൂട്ട് പ്രൊപ്പോസൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് 10.02.2017-ൽ എഡിഎമ്മിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണം എന്നത്തേക്ക് പുനരാരം ഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത കേസുകളിൽ എഡിഎമ്മിൻറെ ഉത്തരവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അനുകൂലമാവുകയും പുതിയ കേസുകൾ ഒന്നും തന്നെ ഉടലെടുക്കാതിരിക്കുകയും ചെയ്താൽ കേസുകൾ തീർപ്പായി രണ്ടു വർഷത്തിനകം തന്നെ ലൈൻ നിർമ്മാണം പൂർത്തിയാക്കി 110 കെ.വി. ചെറായി സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. |

Hemalatha

**സെക്ഷൻ ഓഫീസർ**